**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 494** **30-01-2024 - ൽ മറുപടിയ്ക്ക്**

**കേന്ദ്ര സർക്കാരിന്റെ നയങ്ങളും സാമ്പത്തിക പ്രതിസന്ധിയും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര സർക്കാരിന്റെ നയങ്ങൾ കാരണം സംസ്ഥാനത്തുണ്ടായിട്ടുള്ള സാമ്പത്തിക പ്രതിസന്ധിക്ക് പരിഹാരം കാണുന്നതിനായി എന്തെല്ലാം കർമ്മപദ്ധതികളാണ് സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും സാമൂഹ്യക്ഷേമ വികസന ചെലവുകൾ ഭംഗം കൂടാതെ നടത്തിയും പരമാവധി അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കിയും മുമ്പോട്ട് പോകുക എന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത നയം. ഇതിന്റെ ഭാഗമായി വരുമാനം ഉയർത്തുന്നതിനോടൊപ്പം ആവർത്തന സ്വഭാവമുള്ള ഭരണ ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. സാമ്പത്തിക ഞെരുക്കം പരിഹരിക്കുന്നതിന് വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. |
| (ബി) | നോട്ട് നിരോധനവും, പ്രളയവും, കോവിഡും ഒഴികെ മറ്റ് എന്തെല്ലാം പ്രതിസന്ധികളാണ് സാമ്പത്തിക തകർച്ചയ്ക്ക് കാരണമായി കണ്ടെത്തിയിട്ടുള്ളത്; വിശദമാക്കുമോ; | (ബി) | കേന്ദ്ര സർക്കാരിന്റെ ഭാഗത്തു നിന്നുള്ള നടപടികളുടെ ഭാഗമായി വായ്പ അടക്കമുള്ള സർക്കാർ വരവിൽ ഭീമമായ കുറവ് ഉണ്ടായിട്ടുണ്ട്. അതാണ് നിലവിൽ സംസ്ഥാനത്ത് ഗുരുതരമായ പണഞെരുക്കത്തിന് ഇടയാക്കിയിട്ടുള്ളത്. |
| (സി) | 2021 ഏപ്രിൽ 1 മുതൽ നാളിതുവരെ കേന്ദ്രവിഹിതമായി സംസ്ഥാനത്തിന് എത്ര തുക ലഭിക്കേണ്ടതായിട്ടുണ്ട്; അതിൽ എത്ര തുക ലഭിച്ചു; വാർഷികാടിസ്ഥാനത്തിൽ വിശദമാക്കാമോ? | (സി) | അക്കൗണ്ട്സ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം കേന്ദ്ര വിഹിതം സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധത്തിൽ കണ്ടാലും. |

സെക്ഷൻ ഓഫീസർ

അനുബന്ധം

(തുക കോടിയിൽ)

| സാമ്പത്തിക വർഷം | കേന്ദ്ര നികുതി വിഹിതം | ഗ്രാന്റ്-ഇൻ-എയ്ഡ് | ആകെ കേന്ദ്രത്തിൽ നിന്നും ലഭ്യമായ വരവ് |
|---|---|---|---|
| 2021-22 | 17820.09 | 30017.12 | 47837.21 |
| 2022-23 | 18260.68 | 27377.86 | 45638.54 |
| 2023-24 ഡിസംബർ മാസം വരെ | 12980.76 | 6372.48 | 19353.24 |